allahurabbuna@gmail.com



ഷമീം ചൂനൂർ

# കടം വാങ്ങുന്നവനും നൽകുന്നവനും അറിയേണ്ട കാര്യങ്ങൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللّٰهُ عَنْهُ,عَنِ النَّبِي ﷺ قَالَ: مَنْ أَخَذَ أَمْوَالَ النَّاسِ يُرِيدُ أَدَاءَهَا أَدَّى اللّٰهُ عَنْهُ, وَمَنْ أَخَذَ يُرِيدُ إِتْلَافَهَا أَتْلَفَهُ اللّٰهُ

**അബൂ ഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: കൊടുത്തു വീട്ടണമെന്ന ഉദ്ദേശ്യത്തോടെയാണ് ഒരാൾ ജനങ്ങളിൽ നിന്ന് ധനം സ്വീകരിക്കുന്നതെങ്കിൽ അല്ലാഹു അയാൾക്ക് വേണ്ടി അത് വീട്ടികൊടുക്കുന്നതാണ്. തുലച്ചുകളയണമെന്ന ഉദ്ദേശ്യത്തോടെയാണ് അത് സ്വീകരിക്കുന്നതെങ്കിൽ അല്ലാഹു അവയെ നശിപ്പിച്ച് കളയുകയും ചെയ്യും (ബുഖാരി).**

ഇസ്ലാമിൽ കടം നൽകുന്നത് പുണ്യ കർമമാണ്. എന്നാൽ, ലാഭം ലക്ഷ്യംവെച്ച് കടം കൊടുക്കൽ നിഷിദ്ധവുമാണ്. മടക്കി തരുമ്പോൾ കൂടുതൽ ലഭിക്കണമെന്ന് മോഹിച്ച് കൊടുക്കുന്ന കടം പലിശയുടെ ഗണത്തിലാണ് റസൂൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ലാഭം കൊതിക്കാതെ തന്റെ സഹോദരന് കടം കൊടുത്ത് സഹായിക്കുന്നവനെ അല്ലാഹു ഇഹലോകത്തും പരലോകത്തും സഹായിക്കും എന്ന് പ്രവാചകൻ പറഞ്ഞതായി കാണാം. “ഭൗതിക ലോകത്തിൽ ഒരു മുസ്ലിമിന്റെ വിഷമം ആരെങ്കിലും തീർത്ത് കൊടുത്താൽ അന്ത്യനാളിൽ അവന്റെ വിഷമം അല്ലാഹു തീർത്തുകൊടുക്കും. പ്രയാസമുള്ളവന്റെ പ്രയാസം ആരെങ്കിലും തീർത്തുകൊടുത്താൽ ഈ ജീവിതത്തിലും പരലോകത്തും അല്ലാഹു അവന്റെ പ്രയാസവും തീർത്തുകൊടുക്കും. ഒരു ദൈവദാസൻ അവന്റെ സഹോദരനെ സഹായിക്കുമ്പോഴൊക്കെ അല്ലാഹു അവനെ സഹായിച്ചുകൊണ്ടിരിക്കും” (മുസ്ലിം). സാമ്പത്തിക ഞെരുക്കം അനുഭവിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയെ സംബന്ധിച്ചേടത്തോളം പലിശയില്ലാതെ ലഭിക്കുന്ന കടം അവന് ലഭിക്കുന്ന വലിയ സഹായമായിരിക്കും. അതുകൊണ്ട് തന്നെ പ്രവാചകൻ, കടം നൽകുന്നവന് ദാനം ചെയ്തവന്റെ പുണ്യമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. റസൂൽ (സ) പറഞ്ഞു: “രണ്ട് വട്ടം ഒരു മുസ്ലിമിന് കടം കൊടുത്താൽ ഒരു വട്ടം ധർമം കൊടുത്തത് പോലെയാണ്” (ഇബ്നു മാജ).

എന്നാൽ, കടം വാങ്ങുന്നതിനെ വളരെ ഗൗരവത്തോടെയും സൂക്ഷ്മതയോടെയുമാണ് ഇസ്ലാം വീക്ഷിക്കുന്നത്. വളരെ അനിവാര്യ ഘട്ടത്തിൽ മാത്രമേ കടം വാങ്ങാൻ പാടുള്ളൂ. ആർഭാടങ്ങൾക്കും പൊങ്ങച്ച പ്രകടനങ്ങൾക്കുമായി കടം വാങ്ങുന്നത് ഇസ്ലാം വിലക്കിയിട്ടുള്ളതാണ്. നിർബന്ധിത ഘട്ടങ്ങളിൽ വേണ്ടി വന്നാൽ തന്നെ, യഥാസമയം തന്നെ തിരിച്ചു നൽകും എന്ന സദ്വിചാരത്തോടെ വേണം കടം വാങ്ങാൻ. അല്ലായെങ്കിൽ നമ്മുടെ മനഃസമാധാനവും അഭിമാനും നഷ്ടപ്പെട്ടുപോകും. ഉമർ (റ) പറഞ്ഞു: ‘നിങ്ങൾ കടം സൂക്ഷിക്കണം. അത് രാത്രിയായാൽ മനഃസമാധാനം കെടുത്തും. പകൽ സമയത്ത് നിന്ദ്യരാക്കും.’ യാതൊരാവശ്യവുമില്ലാതെ കടം വാങ്ങുകയും എന്നിട്ടത് തിരിച്ച് കൊടുക്കാൻ കഴിയാതിരിക്കുകയും ചെയ്താൽ ഉണ്ടാകുന്ന മനസ്സിന്റെ അശാന്തിയെക്കുറിച്ച് നബി (സ) നമുക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ‘നിങ്ങളുടെ ശരീരത്തിന് നിർഭയത്വം വന്നതിനു ശേഷം നിങ്ങളതിനെ ഭീതിപ്പെടുത്തരുത്’ എന്ന് റസൂൽ പറഞ്ഞപ്പോൾ ഇപ്പറഞ്ഞതിന്റെ ഉദ്ദേശ്യമെന്തെന്ന് അനുചരന്മാർ ചോദിച്ചു. തിരുമേനി വിശദീകരിച്ചു: “ഈ ഭീതി കടബാധ്യതയിലൂടെയാണ് ഉണ്ടാകുന്നത്.”

അവധിവെച്ചാണ് കടം വാങ്ങിയതെങ്കിൽ കൃത്യമായി തിരികെ കൊടുക്കാൻ വാങ്ങിയവൻ ബാധ്യസ്ഥനാണ്. കാരണം, മരണം ഏത് സമയവും സംഭവിക്കാം. വാങ്ങിയ കടം വീട്ടാതെയാണ് ഒരാൾ മരിക്കുന്നതെങ്കിൽ അത് പരലോകത്ത് അവന്റെ സ്വർഗപ്രവേശത്തിന് തടസ്സമാകും.

കഴിവുണ്ടായിട്ടും കടം വീട്ടാതെ നൽകിയവനെ പ്രയാസപ്പെടുത്തുന്നത് തികഞ്ഞ അക്രമമായിട്ടാണ് പ്രവാചകൻ പഠിപ്പിച്ചത്. റസൂൽ (സ) പറഞ്ഞു: “കഴിവുള്ളവൻ (കടം) താമസിപ്പിക്കൽ അക്രമമാണ്” (അബൂ ദാവൂദ്). കടം താമസിപ്പിക്കൽ അക്രമം മാത്രമല്ല വലിയൊരു പാപമാണെന്ന് കൂടി പ്രവാചകൻ പറഞ്ഞിട്ടുണ്ട്. അബൂ മൂസൽ അശ്അരി(റ)യിൽ നിന്ന് നിവേദനം. റസൂൽ (സ) പറഞ്ഞു: “ഒരടിമ അല്ലാഹുവിനെ കണ്ടുമുട്ടുന്ന വേളയിൽ അല്ലാഹു നിഷിദ്ധമാക്കിയ വൻദോഷങ്ങൾ കഴിഞ്ഞാൽ ഏറ്റവും വലിയ പാപം, വീട്ടാൻ കഴിയാത്ത വിധം കടബാധ്യതകളുമായി അയാൾ മരിക്കുന്നതാണ്.” കടം വീട്ടാതെയുള്ള മരണം ഒരു വലിയ പാപമായതുകൊണ്ട് തന്നെ പ്രവാചകൻ(സ) തന്റെ ജീവിതത്തിൽ ഒരു പ്രാർഥന പതിവാക്കിയിരുന്നു. “അല്ലാഹുവേ, പാപങ്ങളിൽ നിന്നും കടക്കാരനാകുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു”(ബുഖാരി). ഇങ്ങനെ കടത്തിൽ നിന്ന് നിരന്തരം അഭയം തേടാനുള്ള കാരണമെന്താണെന്ന് ചോദിച്ചപ്പോൾ റസൂൽ (സ) നൽകിയ വിശദീകരണം ഇതാണ്: “മനുഷ്യൻ കടം വാങ്ങിയാൽ പിന്നീട് സംസാരിക്കുമ്പോൾ കളവ് പറയും, വാഗ്ദാനം ചെയ്താൽ ലംഘിക്കുകയും ചെയ്യും. നിശ്ചയിച്ച അവധിക്കുള്ളിൽ കടം വീട്ടാൻ സാധിക്കാത്തവൻ നിരന്തരം കളവ് പറയേണ്ടിവരും, അതുപോലെ വാഗ്ദാനങ്ങൾ ലംഘിക്കേണ്ടിവരും.”

എന്നാൽ, സമയത്ത് കടം വീട്ടാൻ കഴിയാത്തവണ്ണം സാമ്പത്തികമായി വലിയ ഞെരുക്കം അനുഭവിക്കുന്നവന് അവധി നീട്ടിക്കൊടുക്കൽ ഏറെ പുണ്യകരമാണെന്നാണ് റസൂൽ (സ) പഠിപ്പിക്കുന്നത്. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ ഇങ്ങനെ കാണാം. നബി (സ) പറഞ്ഞു: “ഒരു കച്ചവടക്കാരൻ ജനങ്ങൾക്ക് കടം കൊടുക്കുമായിരുന്നു. അയാൾ സാമ്പത്തിക ഞെരുക്കമുള്ളവരെ കണ്ടാൽ കാര്യസ്ഥന്മാരോട് പറയും: ‘നിങ്ങൾ അയാൾക്ക് വിട്ടുവീഴ്ച നൽകുക, അല്ലാഹു എനിക്ക് വിട്ടുവീഴ്ച നൽകിയേക്കും.’ അപ്പോൾ അല്ലാഹു ആ കച്ചവടക്കാരനും വീട്ടുവീഴ്ച നൽകി”(ബുഖാരി). അല്ലാഹുവിന്റെ അനുഗ്രഹവും അത്തരക്കാർക്ക് തന്നെയാണെന്ന് പ്രവാചകൻ പറയുന്നു. വിൽക്കുമ്പോഴും വാങ്ങുമ്പോഴും കിട്ടാനുള്ള കടം ചോദിക്കുമ്പോഴും വിട്ടുവീഴ്ച കാണിക്കുന്നവർക്ക് അല്ലാഹു അനുഗ്രഹം ചെയ്യും (ബുഖാരി). ദാനം പോലെതന്നെ കടവും ഇസ്ലാം വലിയ പ്രതിഫലമുള്ള സൽക്കർമമായിട്ടാണ് കണക്കാക്കുന്നത്. പലിശ പാവങ്ങളെ ഞെരുക്കികൊണ്ടിരിക്കുന്ന ഈ കാലത്ത് അത്തരക്കാർക്ക് പലിശരഹിത വായ്പ നൽകി സഹായിക്കുന്നവരെ അല്ലാഹു നിരന്തരം സഹായിച്ചുകൊണ്ടേയിരിക്കുമെന്ന് തീർച്ച. ■